ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഒന്നരണ്ട പ്രസവം കഴിഞ്ഞാൽ പശുക്കൾക്ക് വീണ്ടും ഗർഭമാകാതിരിക്കുകയും അഥവാ ഉണ്ടായാൽത്തന്നെ പ്രസവത്തിന് വളരെയധികം അപകടം ഉണ്ടാകുകയും സാധാരണയായിട്ട് ഉണ്ടാകാറുണ്ട്. ഈ കാര്യങ്ങൾ ഗവണ്മെൻറ് അന്വേഷിച്ച് പരിഹാരം കാണുമോ ?

ശ്രീ. ഇ. പി. പൗലോസ് : അങ്ങനെയുള്ള ഇൻസ്റ്റൻസസ് കാണിച്ചു തരുകയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീമതി കുസുമം : പല കേന്ദ്രങ്ങളിലും ഗവണ്മെൻറ് ചെലവിൽ വിത്തുകാളകളെ സംരക്ഷിക്കുന്നതുകൊണ്ട് വലിയ നഷ്ടമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഡിസ്ട്രിക്റ്റ് ഹെഡ്കാർട്ടേഴ്സുകളിൽ നല്ലയിനം വിത്തുകാളകളെ നിറുത്തി വേണ്ടവിധം സംരക്ഷിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഡിസ്ട്രിക്റ്റ് ഹെഡ്കാർട്ടേഴ്സും ഒരെണ്ണം മാത്രമുള്ളതുകൊണ്ട് ഡിസ്ട്രിക്റ്റിലെ ആവശ്യം മുഴുവൻ നടത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇതിൽ രണ്ടിലുംകൂടി ആയാൽപോലും മതിയാകുമെന്നു തോന്നുന്നില്ല.

ശ്രീ. പി. ഗോപാലൻ : നാട്ടിൻപുറങ്ങളിൽ വർഗ്ഗശ്രദ്ധിയുള്ള നല്ല വിത്തുകാളകളുണ്ട്. പട്ടണങ്ങളിലുള്ളതിനെക്കാൾ നല്ല വിത്തുകാളകൾ നാട്ടിൻപുറങ്ങളിലാണെന്നുള്ളതിനെ മുൻനിറുത്തി ഇത്തരം നല്ലതിനെ എടുക്കാനെങ്കിലും ഗവണ്മെൻറ് ശ്രദ്ധിക്കുമോ ? ബഹുമാനപ്പെട്ട മന്ത്രി നാട്ടിൻപുറങ്ങളിലുള്ള വിത്തുകാളകളൊക്കെ വർഗ്ഗശ്രദ്ധിയില്ലാത്തതാണെന്നു പറയുന്ന അഭിപ്രായം മാറ്റാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഞാൻ എന്റെ അഭിപ്രായം മാറ്റിയതുകൊണ്ടുമാത്രം പ്രയോജനമില്ല. നാട്ടിൻപുറത്തുള്ള വിത്തുകാളകളും നല്ല കാളിറ്റി ഉള്ളവയല്ല. അതുകൊണ്ട് വളരെ സൂക്ഷിച്ചുവേണം അവയെ നിറുത്തേണ്ടതു്.

PAPERS LAID ON THE TABLE *

Minister for Public Health (**Shri M. P. Govindan Nair**) : Sir I lay on the table a copy of the 19th Annual Report of the Fertiliser and Chemicals (Travancore) Limited, Alwaye for the period from 1-1-1962 to 31-3-1963, together with a copy of the Review on the working of the Company for the said period as required under Section 619-A of the Companies Act, 1956.

Minister for Transport and Labour (**Shri K. T. Achuthan**) : Sir, I lay on the table a copy each of the following Notifications issued by the Government under clause (1) of sub-section (2) of Section 68 and Clause (m) of sub section (2) of Section 70 of the Motor Vehicles Act, 1939 (Central Act IV of 1939) containing amendments to the Kerala Motor Vehicles Rules, 1961:-

(i) Notification G. O. (MS) No. 436/PW., dated 14th October 1963.

(ii) Notification G. O. (MS) No. 446/PW., dated 19th October 1963.

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly